ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര നിയമത്തിലെ വകുപ്പു 4-ലെ നിബന്ധനകൾ ലംഘിച്ചുകൊണ്ട് അന്യസംസ്ഥാന ലോട്ടറികൾ ഈ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്ന കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ 16-12-2004-ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാനം സ്വന്തം ലോട്ടറി നടത്തുന്ന കാലത്തോളം അന്യസംസ്ഥാന ലോട്ടറികളുടെ വിൽപ്പന നിരോധിക്കുവാൻ സാധിക്കില്ലെന്നും അന്യസംസ്ഥാന ലോട്ടറികൾ കേരള സെയിൽസ് ടാക്സ് ആക്ട് പ്രകാരം നികുതി അടയ്ക്കുകയാണെങ്കിൽ അവ ഒറ്റ നമ്പർ അല്ലായെങ്കിൽ അവയ്ക്കെതിരെ, യാതൊരു പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

അന്യസംസ്ഥാന ലോട്ടറി കമ്പനികളിൽനിന്നും വിൽപ്പന നികുതി ഈടാക്കൽ

32 [207] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21-12-2004-ലെ ഹൈക്കോടതി വിധിയിൽ അന്യസംസ്ഥാന ലോട്ടറി കമ്പനികളിൽനിന്നും വിൽപ്പന നികുതി ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി വകുപ്പ് കണക്കാക്കിയിട്ടുള്ള 5000 കോടി രൂപയോളം കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക വരുത്തിയ കമ്പനികളിൽ നിന്നും കുടിശ്ശിക തുക വസൂലാക്കാതെ പുതിയ ലോട്ടറിയുടെ നികുതി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) അന്യസംസ്ഥാന ലോട്ടറി വിൽപ്പനക്കാരിൽ നിന്നും നാളിതുവരെയുള്ള വിൽപ്പന നികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാൻ ഇൻഡ്യാ നെറ്റ്വർക്ക് ഇൻഫ്രാ വെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച എം.എഫ്.എ. 106/2004 നമ്പരിൽ ഹൈക്കോടതി 21-12-2004-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓൺലൈൻ ലോട്ടറിക്കാരിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതു സംബന്ധിച്ച് വാണിജ്യ നികുതി കമ്മീഷണർ നൽകിയ വിശദീകരണം അംഗീകരിച്ചിട്ടുണ്ട്.

(ബി) നികുതി കുടിശ്ശിക കണക്കാക്കുന്നത് ലോട്ടറി വകുപ്പല്ല; വാണിജ്യ നികുതി വകുപ്പാണ്. അതിനാൽ ഈ കണക്കനുസരിച്ച് നികുതി കുടിശ്ശിക കണക്കാക്കി പിരിച്ചെടുക്കുന്നതിന് വാണിജ്യ നികുതി ഉദ്യോഗസ്ഥർക്ക് നിയമപരമായി കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അന്യസംസ്ഥാന ലോട്ടറി വിൽപ്പനയിന്മേൽ വകുപ്പ് 5 ബി(എ) പ്രകാരമുള്ള ലൈസൻസ് ഫീസ് മാത്രമേ അടച്ചിരുന്നുള്ളൂ. എന്നാൽ വാണിജ്യ നികുതി കമ്മീഷണർ നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഓൺലൈൻ ലോട്ടറി റീട്ടെയിൽ കൗണ്ടറിലൂടെ നടത്തുന്ന വിൽപ്പനയെ പ്രത്യേകം നികുതി നിർണ്ണയം നടത്തി ആവശ്യപ്പെട്ട തുക റവന്യൂ റിക്കവറി നടപടികളിലാണ്.

സർക്കാരിന്റെ പൊതുക്കടത്തിന്മേലുള്ള പലിശ

33 [208] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാരിന്റെ പൊതുക്കടം എത്രയായിരുന്നു;

(ബി) പൊതുക്കടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിദേശ ഏജൻസികളിൽനിന്നും മറ്റും ഇതിനകം എന്തു തുക വായ്പ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) എ.ഡി.ബി.-യിൽ നിന്നും ഇതിനകം എന്തു തുക വായ്പ ലഭിച്ചു;

(ഇ) സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള പൊതുക്കടങ്ങൾക്ക് എല്ലാകൂടി എത്ര തുക പലിശ അടയ്ക്കേണ്ടിവന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1-4-2001-ൽ സംസ്ഥാന സർക്കാരിന്റെ പൊതുക്കടം 23,919 കോടി രൂപ ആയിരുന്നു.

(ബി) വർദ്ധിച്ചുവരുന്ന പദ്ധതിച്ചെലവുകൾക്കായി കടമെടുക്കുന്നതും വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതുമൂലമുണ്ടായ കടമെടുപ്പും മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർത്തതിനാലും വിദ്യാഭ്യാസ മേഖലയിൽ പുതിയതായി അധിക തസ്തികകൾ സൃഷ്ടിച്ചതിനാലുണ്ടായ അധികച്ചെലവുമൂലം റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികുത്തുന്നതിനായി കടമെടുത്തതുമാണ് പൊതുക്കടം വർദ്ധിക്കാനുള്ള കാരണം.

(സി) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ടു കടം എടുക്കാറില്ല. വിദേശ വായ്പ കേന്ദ്ര സർക്കാർവഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ഇതിനകം എ.ഡി.ബി.-യിൽ നിന്നും ലഭിച്ച വായ്പ 601.30 കോടി രൂപയാണ്.

(ഇ) 2003-04 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ ചെലവായ തുക 3328.30 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly